7261
24/6/20

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോട്ടയം — മാതൃഭൂമി പ്രാദേശിക ന്യൂസ് ചാനൽ റിപ്പോർട്ടറായിരുന്ന സജി മെഗാസിന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2213/2020 /റവ. തിരുവനന്തപുരം, തീയതി, 18.06.2020

================================================================================

പരാമർശം:- 1. കോട്ടയം ജില്ലാ കളക്ടറുടെ 12.09.2018 ലെ DCKTM/8065/2018-DM1 നമ്പർ നടപടി ക്രമം

2. വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പിന്റെ 08.06.2020 തീയതിയിലെ സ.ഉ. (കൈ) നം. 3/2020/ഐ & പിആർഡി

## ഉത്തരവ്

കോട്ടയം ജില്ലയിലെ മുണ്ടാറിലെ ദുരിതാശ്വാസ ക്യാമ്പ് റിപ്പോർട്ട് ചെയ്യാൻ പോയ മാതൃഭൂമി പ്രാദേശിക ന്യൂസ് ചാനൽ റിപ്പോർട്ടർ ആയിരുന്ന സജി മെഗാസ് കരിയാറിൽ വഞ്ചി മുങ്ങി ഉണ്ടായ അപകടത്തിൽ മരണമടഞ്ഞതിനെ തുടർന്ന് പരാമർശം (1) പ്രകാരം 4 ലക്ഷം രൂപ ദുരന്തനിവാരണ വകുപ്പിൽ നിന്നും ടിയാന്റെ ആശ്രിതർക്ക് അനുവദിച്ച ഉത്തരവായിട്ടുള്ളതാണ്. സജി മെഗാസ് മരണമടഞ്ഞതിനെ തുടർന്ന് ദുരിതത്തിൽ ആയ ടിയാന്റെ കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച ദുരന്തനിവാരണ വകുപ്പിൽ നിന്നും അനുവദിച്ച 4 ലക്ഷം രൂപക്കു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപ കൂടി അനുവദിക്കുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പ് (ഇ) യിൽ നിന്നും, റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സജി മെഗാസിന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/- രൂപ ( രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗീത.എൽ**
**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, കോട്ടയം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

T. [signature]

സെക്ഷൻ ഓഫീസർ